**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3618** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ജീവനക്കാർ യാത്രക്കാരോട് മാന്യമായി പെരുമാറുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രവർത്തന വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടിയെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. യാത്രക്കാരോട് മാന്യമായി പെരുമാറുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അല്ലാത്തവരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. ബസുകളിലും, യൂണിറ്റുകളിലും വർക്ക്ഷോപ്പുകളിലും ഉൾപ്പെടെ കർശന പരിശോധന നടത്തുകയും, പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്ക് എതിരെ മാതൃകാപരമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കോർപ്പറേഷൻ വക ഭൂമിയിൽ പെട്രോൾ പമ്പുകളും ഇതര വ്യവസായങ്ങളും തുടങ്ങുവാനും ആയതുവഴി വരുമാന വർദ്ധന ഉറപ്പുവരുത്താനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ബസുകൾക്ക് മാത്രമായി ഡീസൽ അടിയ്ക്കുവാൻ പൊതുമേഖല എണ്ണ കമ്പനികൾ പമ്പുകൾ സ്ഥാപിച്ചിട്ടുള്ള 75 സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കുവാൻ തുറന്നു കൊടുക്കുന്നതു വഴി ലഭിയ്ക്കുന്ന ഡീലർ കമ്മീഷൻ പുതിയ ഒരു ടിക്കറ്റിതര വരുമാനമാണ്. ആദ്യപടി എന്ന നിലയിൽ '8' സ്ഥലങ്ങളിൽ 15-9-2021 മുതൽ ഇത് ആരംഭിച്ചിട്ടുണ്ട്. ഈ പമ്പിലൂടെ ലൂബ്രിക്കേറ്റിംഗ് ഓയിൽ, എൽ.പി.ജി ഗ്യാസ് സിലിണ്ടർ എന്നിവ ലഭ്യമാക്കുക വഴി പൊതുജനങ്ങൾക്ക് ആവശ്യമായ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽപന നടത്തുവാനും, ടി ലൂബ്രിക്കേറ്റിംഗ് ഓയിൽ വാങ്ങിയ്ക്കുന്ന ടൂ വീലറുകളിൽ സൗജന്യമായി ഓയിൽ ചേയ്ഞ്ചിംഗ് നടത്തികൊടുക്കുവാനും ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇതു മുഖേന കൂടുതൽ പൊതുജനങ്ങളെ ഈ പമ്പുകളിലേയ്ക്ക് അകർഷിയ്ക്കുവാനും കഴിയുന്നുണ്ട്. 31-12-2021ഓടെ പുതിയ '10' യാത്രാ ഫ്യൂവൽസ് പമ്പുകൾ കൂടി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ഭാഗങ്ങൾ എവിടെല്ലാമെന്നും ആയത് വൃത്തിയാക്കി കുറഞ്ഞ വാടകയ്ക്ക് നൽകുന്നതുവഴി വരുമാന വർദ്ധനവുണ്ടാക്കുവാനും അവിടുള്ള അന്യാധീനങ്ങളും ഒപ്പം മറ്റ് സാമൂഹ്യവിരുദ്ധ ശല്യങ്ങളും ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ പണി പൂർത്തീകരിച്ച കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, ചേർത്തല, കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിലെ ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം / ടെണ്ടർ വഴി ലൈസൻസിയെ കണ്ടെത്തി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ലേലം / ടെണ്ടർ വഴി ലൈസൻസിയെ കണ്ടെത്താൻ കഴിയാത്ത കെട്ടിട സമുച്ചയങ്ങളിൽ ഒഴിവുള്ള സ്ഥലം പൊതുധാരണ വഴി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. പത്തനംതിട്ട, തൊടുപുഴ, മൂവാറ്റുപുഴ, മലപ്പുറം, ഹരിപ്പാട്, പാലക്കാട് എന്നിവിടങ്ങളിലെ വാണിജ്യ സമുച്ചയങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ